**കേരളത്തിലും തമിഴ്നാട്ടിലും പലചരക്ക് സാധനങ്ങൾ വീടുകളിലെത്തിച്ചുകൊണ്ട്**
**സുരക്ഷിതവും സുഗമവുമായ ഷോപ്പിംഗ് അനുഭവം ഫ്ളിപ്കാർട്ട് സമ്മാനിക്കുന്നു**

- *കോയമ്പത്തൂർ, മധുരൈ, ട്രിച്ചി, ഈറോഡ്, എറണാകുളം എന്നീ നഗരങ്ങളിലെ ഉപഭോക്താക്കൾക്കു നിത്യേന ആവശ്യമുള്ള ഗുണമേന്മയുള്ള പലചരക്കു സാധനങ്ങൾ സുരക്ഷിതമായി ഇനി വീട്ടുപടിക്കൽ ലഭ്യമാകും.*

- *പലചരക്കു സാധനങ്ങൾക്കു വേണ്ടി മാത്രമായി കോയമ്പത്തൂരിൽ ആരംഭിച്ചിരിക്കുന്ന കേന്ദ്രം 1100 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു. പ്രാദേശിക കച്ചവടക്കാർക്കു സ്വന്തം വിപണി വിശാലമാക്കാനും പ്രാദേശിക കർഷകർക്ക് വിപണികളുമായുള്ള ബന്ധം ശക്തമാക്കാനും ഇതു സഹായിക്കുന്നു.*
- *വീടുകളിലെ അനുദിനാവശ്യങ്ങൾക്കുള്ള വസ്തുക്കളും ഭക്ഷ്യവസ്തുക്കളും ലഘുഭക്ഷണ/പാനീയങ്ങളും ബേക്കറി പദാർത്ഥങ്ങളും മറ്റു നിരവധി വസ്തുക്കളുമായി ആകെ ഏഴായിരത്തിലധികം ഉത്പന്നങ്ങൾ ഈ വ്യാപാരവേദിയിൽ ലഭ്യമായിരിക്കും.*

**കോയമ്പത്തൂർ ആഗസ്റ്റ് 13, 2021:** ഇന്ത്യയുടെ സ്വന്തം ഇകോമേഴ്സ് വ്യാപാരവേദിയായ ഫ്ളിപ്കാർട്ട് കേരളത്തിലും തമിഴ്നാട്ടിലും പലചരക്കു വിതരണത്തിലേയ്ക്ക് തങ്ങളുടെ സേവനം വ്യാപിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഇതോടെ, അനുദിനാവശ്യങ്ങൾക്കുള്ള ഉന്നത ഗുണമേന്മയുള്ള പലചരക്കു സാധനങ്ങൾ ഉപഭോക്താക്കൾക്ക് ആകർഷകമായ വിലയിൽ അവരവരുടെ വീട്ടുപടിക്കൽ സുരക്ഷിതമായി ലഭ്യമാകും.

200+ ഇനങ്ങളിൽ പെട്ട 7000 ലധികം ഉത്പന്നങ്ങളാണ് ഫ്ളിപ്കാർട്ട് ഗ്രോസറി ഇപ്പോൾ വാഗ്ദാനം ചെയ്യുന്നത്. ദിവസവും ആവശ്യമുള്ള പലചരക്കു സാധനങ്ങളും ഭക്ഷ്യവസ്തുക്കളും ലഘുഭക്ഷണപാനീയങ്ങളും ബേക്കറി പദാർത്ഥങ്ങളും ശുചിത്വപാലന വസ്തുക്കളും മറ്റു നിരവധി ഉത്പന്നങ്ങളും അടങ്ങുന്നതാണ് ഉത്പന്നനിര. സംസാരിച്ചു ഷോപ്പിംഗ് നടത്താൻ അവസരമൊരുക്കുന്നതിലൂടെ ഉപഭോക്താക്കളുടെ അനുഭവം മനസ്സിലാക്കുകയും ക്രെഡിറ്റ് സൗകര്യം നൽകുകയും ഉത്പന്നങ്ങൾ കാണാവുന്ന വിധത്തിൽ സുതാര്യമായി നൽകുകയും ചെയ്യുകയാണ് ഫ്ളിപ്കാർട്ട് ഗ്രോസറി.

പലചരക്കു വിപണനത്തിനു വേണ്ടി മാത്രമായി കോയമ്പത്തൂരിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന ഗ്രോസറി നിർവഹണ കേന്ദ്രത്തിന്റെ സഹായത്തോടെ കോയമ്പത്തൂർ, മധുരൈ, ട്രിച്ചി, എറണാകുളം, തിരുപ്പൂർ, ഈറോഡ്, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ പട്ടണങ്ങളിലെ ഉപഭോക്താക്കൾക്ക് ഓൺലൈൻ ഷോപ്പിംഗ് സൗകര്യം സമ്മാനിക്കുകയാണ് ഈ വിപണനവേദി. പ്രാദേശികമായ വിപുലീകരണത്തിന് ഊന്നലേകിക്കൊണ്ട്, ഈ മേഖലകളിലെ 150 ലേറെ പിൻകോഡുകളിൽ സേവനമെത്തിക്കാൻ ഈ പുതിയ നിർവഹണ കേന്ദ്രത്തിനു സാധിക്കും.

1,100 ലേറെ പേർക്ക് തൊഴിലവസരങ്ങൾ നൽകുന്നതും പ്രാദേശിക തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതും സമ്പദ്‌വ്യവസ്ഥയ്ക്ക് ഊർജം പകരുന്നതുമായിരിക്കും 1.25 ലക്ഷം ച. അടിയിലേറെ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന കോയമ്പത്തൂരിലെ പലചരക്കു നിർവഹണ കേന്ദ്രം. ഫ്ളിപ്കാർട്ടിന്റെ സുസ്ഥിര വളർച്ച പ്രാദേശിക ഭക്ഷ്യസംസ്കരണ വ്യവസായത്തിനും ഉത്തേജനമേകുകയും ഇന്ത്യൻ കാർഷികമേഖലയ്ക്കും ചെറുകിട, ഇടത്തരം കർഷകർക്കും പിന്തുണയേകുകയും ചെയ്യും.

"*ലോജിസ്റ്റിക്സ്, വെയർഹൗസിംഗ് എന്നിവയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന്* **തമിഴ്നാട് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എൻ മുരുകാനന്ദം** പറഞ്ഞു. *പലചരക്ക് നിർവഹണ കേന്ദ്രം പ്രാദേശിക വ്യാപാരികൾക്ക് ഈ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കാനും അവരുടെ മാർക്കറ്റ് ആക്സസ് വിപുലീകരിക്കാനും പ്രാപ്തമാക്കും.*"

*“പ്രാദേശിക ആവാസവ്യവസ്ഥയുടെ സാമ്പത്തിക വളർച്ചയ്ക്ക് പലചരക്ക് നിവൃത്തി കേന്ദ്രം സഹായിക്കുമെന്ന്* **ഗൈഡൻസ് തമിഴ്നാട് ഐഎഎസ്, എംഡിയും സിഇഒയുമായ പൂജ കുൽക്കർണി** പറഞ്ഞു. *ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനമായ തമിഴ്നാട് ഫ്ലിപ്കാർട്ടിന്റെ ഇ-കൊമേഴ്സ് ബിസിനസിന് കൂടുതൽ ഊർജ്ജം നൽകും.”*

**ഫ്ളിപ്കാർട്ടിന്റെ വൈസ് പ്രസിഡന്റ്, ഗ്രോസറി, സ്മൃതി രവിചന്ദ്രൻ** പറഞ്ഞു, *“കഴിഞ്ഞ ഒരു വർഷമായി രാജ്യമെങ്ങുമുള്ള ഉപഭോക്താക്കൾ ഇ ഗ്രോസറി മേഖലയിലേയ്ക്കു തിരിയാൻ സ്വയം സജ്ജരായിക്കൊണ്ടിരിക്കുകയായിരുന്നു. ഈ വിഭാഗത്തിലെ വില്പനക്കാരും ബ്രാൻഡുകളും കർഷകരുമായി ബന്ധപ്പെട്ടുകൊണ്ട് ഫ്ളിപ്കാർട്ടും അതിനുള്ള ഒരുക്കങ്ങളെല്ലാം നടത്തി. മേഖലാതല പ്രാധാന്യമുള്ള ഒരു വിഭാഗമാണ് പലചരക്ക്. അതുകൊണ്ട്, പ്രാദേശികതലത്തിൽ നിന്നു സംഭരണം നടത്താനുള്ള സംവിധാനം പടുത്തുയർത്താനാണ് ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. പ്രാദേശികമായി ഏറ്റവും മികച്ച ഉത്പന്നങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഉപഭോക്താക്കളുടെ ആവശ്യങ്ങളെ കൂടുതൽ നന്നായി തൃപ്തിപ്പെടുത്താനും അതോടൊപ്പം മികച്ച ഗുണമേന്മയുള്ള ദേശീയ ബ്രാൻഡുകളെ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കാനും ഇതു ഞങ്ങളെ പ്രാപ്തരാക്കുന്നു.”*

ഉപഭോക്താക്കളുടെയും ജോലിക്കാരുടെയും സുരക്ഷിതത്വത്തിനാണ് ഫ്ളിപ്കാർട്ട് ഏറ്റവും മുന്തിയ പരിഗണന നൽകുന്നത്. തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കു ന്നതിനായി ലക്ഷകണക്കിനു വ്യാപാരികൾക്കും ചെറുകിട, ഇടത്തരം സംരംഭകർക്കും സജീവമായ ഒരു വിപണി പ്രദാനം ചെയ്തുകൊണ്ട് അവരെ സഹായിക്കാനും ലക്ഷകണക്കിനു തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതു സഹായകരമായിട്ടുണ്ട്. വിപണന ശൃംഘലയിലുടനീളം വളരെ ഉന്നതമായ സുരക്ഷാമാനദണ്ഡങ്ങളാണ് ഫ്ളിപ്കാർട്ട് പാലിക്കുന്നത്.

**About the Flipkart Group**

The Flipkart Group is one of India's leading digital commerce entities and includes group companies Flipkart, Myntra, Flipkart Wholesale, and Cleartrip. The Group is also a majority shareholder in PhonePe, one of the leading payments apps in India.

Started in 2007, Flipkart has enabled millions of consumers, sellers, merchants, and small businesses to be a part of India's digital commerce revolution, with a registered customer base of more than 350 million, offering over 150 million products across 80+ categories. Our efforts to democratize commerce in India, drive access and affordability, delight customers, create lakhs of jobs in the ecosystem, and empower generations of entrepreneurs and MSMEs have inspired us to innovate on many industry firsts. Flipkart is known for pioneering services such as Cash on Delivery, No Cost EMI and easy returns – customer-centric innovations have made online shopping more accessible and affordable for millions of Indians. Together with its group companies, Flipkart is committed to transforming commerce in India through technology.

**For more information, please contact media@flipkart.com**